**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1502** **12-02-2025 - ൽ മറുപടിയ്ക്ക്**

**മെയ്ദിന നഗർ നിവാസികൾക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കണയന്നൂർ താലൂക്കിൽ എളംകുളം വില്ലേജിൽ സർവേ നമ്പർ 1038-ൽ പെട്ട മെയ്ദിന നഗറിലെ കൈവശക്കാർക്ക് പട്ടയം നൽകിയതെന്നാണെന്നും എത്ര പേർക്കാണ് പട്ടയം അനുവദിച്ചതെന്നും വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | കണയന്നൂർ താലൂക്ക്, എളംകുളം വില്ലേജിൽ സർവ്വെ നമ്പർ 1038-ൽ പ്പെട്ട 69.68 ആർ സ്ഥലം സർക്കാരിലേയ്ക്ക് ഡീവെസ്റ്റ് ചെയ്ത് 60 കൈവശക്കാർക്ക് പട്ടയം നൽകുവാൻ 01/10/2015-ലെ സ.ഉ.(കൈ)525/2015/റവ നമ്പർ പ്രകാരം ജില്ലാ കളക്ടർക്ക് അനുവാദം നല്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. അതിൻ പ്രകാരം, മെയ്ദിന നഗർ നിവാസികളായ 55 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. 52 പേർക്ക് 04.01.2016 ലും മറ്റ് 3 പേർക്ക് 16.02.2017, 14.12.2017, 31.12.2018 എന്നീ തീയതികളിലുമാണ് പട്ടയം നല്കിയത്. |
| (ബി) | പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ടിരുന്നതും എന്നാൽ മകന് സർക്കാർ ജോലിയുണ്ടെന്ന കാരണത്താൽ മത്സ്യത്തൊഴിലാളിയും സ്വന്തമായി ഭൂമിയില്ലാത്തതുമായ കാട്ടുംപുറത്ത് വീട്ടിൽ കെ.എൻ.ഉലകേശന് ഇരുപത് വർഷമായി ടിയാൻ കൈവശം വച്ച് അനുഭവിച്ചിരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കാത്തത് സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ 01.06.2023 തീയതിയിലെ എൽ.ആർ./1252/2021-എൽ.ആർ(ജെ7) നമ്പർ കത്ത് പ്രകാരം സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; ഇതു സംബന്ധിച്ച സർക്കാർ ഫയൽ നമ്പർ എത്രയെന്ന് വ്യക്തമാക്കാമോ ? | (ബി) | ലാന്റ് റവന്യൂ കമ്മീഷണറുടെ 01.06.2023 ലെ എൽ.ആർ/1252/2021-എൽ.ആർ(ജെ7) നമ്പർ റിപ്പോർട്ട് റവ-എ3/108/2023-റവ നമ്പർ ഫയലിൽ പരിശോധിച്ച് വരുന്നു. ടി വിഷയത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ നല്കിയ റിപ്പോർട്ടിൽ മാതാപിതാക്കളെ സംരക്ഷിക്കാത്തതിനാൽ ശ്രീ.ഉലകേശന്റെ മകനെതിരെ The Maintenance and Welfare of Parents and Senior Citizens Act, 2007 പ്രകാരം നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിരുന്നു. തുടർന്ന് ശ്രീ.ഉലകേശന്റെ നിലവിലെ പ്രതിശീർഷ വരുമാനം എത്രയാണെന്നും The Maintenance and Welfare of Parents and Senior Citizens Act, 2007 പ്രകാരം സ്വീകരിച്ച നടപടി അറിയിക്കുവാനും എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം



**സംഗ്രഹം**

എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എളംകുളം വില്ലേജിൽ സർവ്വെ 1038 ൽപ്പെട്ട 69.68 ആർ സ്ഥലം സർക്കാരിലേക്ക് ഡീവെസ്റ്റ് ചെയ്ത് 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21(ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച്, പാവപ്പെട്ട 60 കൈവശക്കാർക്ക് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി, കൈവശഭൂമിയ്ക്ക് പട്ടയം നൽകുവാൻ എറണാകുളം ജില്ലാ കളക്ടർക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എ) വകുപ്പ്

സ.ഉ.(കൈ)നം.525/2015/റവ. തിരുവനന്തപുരം, തീയതി, 01.10.2015.

---

പരാമർശം:- 1) 06.05.15, 24.08.15 തീയതികളിലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ LRJ7/35703/14-ാം നമ്പർ കത്ത്.

2) 27.01.14, 15.07.14, 23.03.15, 06.08.15 തീയതികളിലെ എറണാകുളം ജില്ലാ കളക്ടറുടെ എൽ13/4305/14 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ഫോർഷോർ റോഡിനു വേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിച്ചിട്ടുള്ള എളംകുളം വില്ലേജിൽ, സർവ്വെ 1038 ൽപ്പെട്ട പുഴ പുറമ്പോക്ക് എന്ന് റവന്യൂ രേഖകളിൽ രേഖപ്പെടുത്തിയ സ്ഥലത്ത് (മെയ്ദിന നഗർ) താമസിക്കുന്ന 60 കുടുംബങ്ങൾ. മത്സ്യബന്ധനം നടത്തിയും, കൂലിപ്പണി ചെയ്തും ജീവിക്കുന്ന സമൂഹത്തിലെ ഏറ്റവും താഴെ തട്ടിലുള്ള പാവപ്പെട്ട പട്ടികജാതി/ പിന്നോക്ക സമുദായത്തിൽപ്പെട്ടവരാണെന്നും 20 വർഷമായി ഇവർ പ്രസ്തുത സ്ഥലത്ത് സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രകാരമുള്ള ധനസഹായം കൊണ്ട് വീട് നിർമ്മിച്ച് താമസിച്ച് വരുന്നതായും, ഇവർക്ക് വൈദ്യുതി കണക്ഷൻ, റേഷൻ കാർഡ്, ഇലക്ഷൻ ഐ.ഡി കാർഡ് എന്നിവ ലഭിച്ചിട്ടുള്ളതായും, ഭൂരഹിതരായ ഇവർക്ക് 2.5 സെന്റ് വീതമുള്ള ഭൂമി മാത്രമാണ് കൈവശമുള്ളതെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സമാനമായ സർവ്വെ നമ്പർ 803-ൽപ്പെട്ട പുഴപുറമ്പോക്കിൽപ്പെട്ട ഭൂമിയിൽ താമസിച്ചിരുന്ന 35 കുടുംബങ്ങൾക്ക് 24.03.2010-ലെ ജി.ഒ(എം.എസ്)112/10/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം പട്ടയം നൽകിയ അതേ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മേയ്ദിന നഗർ നിവാസികൾക്കും പട്ടയം കൊടുക്കണമെന്നും എറണാകുളം ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

3) 23.01.2015-ൽ കൂടിയ കൊച്ചി കോർപ്പറേഷൻ കൗൺസിൽ, പ്രസ്തുത സ്ഥലം അവിടെ താമസിച്ച് കൊണ്ടിരിക്കുന്ന കൈവശക്കാർക്ക് പതിച്ച് നൽകുന്നതിന് NOC നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. പ്രസ്തുത സ്ഥലം വില്ലേജ് റിക്കാർഡുകൾ പ്രകാരം പുഴ പുറമ്പോക്ക് എന്നാണെങ്കിലും വർഷങ്ങൾക്ക് മുൻപ് നികത്ത് പുരയിടമായി കിടക്കുന്നതാണെന്നും ജില്ലാ കളക്ടർ സമർപ്പിച്ച ലിസ്റ്റിൽപ്പെട്ട 60 കുടുംബങ്ങൾ വർഷങ്ങളായി വീട് വച്ച് താമസിക്കുന്നവരാണെന്നും. അപേക്ഷാസ്ഥലം 69.68 ആർ വിസ്തീർണ്ണം വരുമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകരെ. അപേക്ഷാവസ്തുവിൽ നിന്ന് ഒഴിപ്പിച്ച് വീണ്ടും പുഴയായി പരിവർത്തനം ചെയ്യാൻ കഴിയില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) WP(C)23709/14 നമ്പർ കേസിലെ 11.11.2014-ലെ വിധിയിൽ കേരള ഹൈക്കോടതി, പുഴ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് O.P 17233/96, WP(C)23709/14 എന്നീ കേസുകളിലെ വിധികൾ കൂടി പരാമർശിച്ചതിനുശേഷം പുഴപുറമ്പോക്കിൽ വർഷങ്ങളായി താമസിച്ചവർക്ക് പട്ടയം നിഷേധിച്ചതിന് എതിരെയുള്ള വിധിയിൽ താഴെകാണും പ്രകാരം പ്രസ്താവിക്കുകയുണ്ടായി. "The power vested to the statutory authority in terms of Land Assignement Rules has not been taken away by those directions.... The statutory authority has to exercise the power in genuine cases where patta need to be issued to the persons who are in occupation and whose occupation does not pose any threat to environment."

5) സർക്കാർ ഈ വിഷയം പരിശോധിക്കുകയുണ്ടായി. എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എളംകുളം വില്ലേജിൽ സർവ്വെ നം. 1038 ൽപ്പെട്ട ഭൂമിയിൽ വർഷങ്ങളായി കൊച്ചി കോർപ്പറേഷൻ, GCDA എന്നിവയുടെ ധനസഹായത്തോടെ വീട് വച്ച് താമസിക്കുന്ന പാവപ്പെട്ടവരായ 60 കുടുംബങ്ങൾ കൈവശം വച്ചിരിക്കുന്നതും റവന്യൂ രേഖകളിൽ പുഴപുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ 69.68 ആർ സ്ഥലം സർക്കാരിലേക്ക് ഡീവെസ്റ്റ് ചെയ്ത്, 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 (ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച്, കൈവശക്കാരെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി, കൈവശഭൂമിയ്ക്ക് പട്ടയം നൽകുവാൻ എറണാകുളം ജില്ലാ കളക്ടർക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ഡോ.വിശ്വാസ് മേത്ത**

**പ്രിൻസിപ്പൽ സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്.
ധനകാര്യ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

e.k.v. Kunny

സെക്ഷൻ ഓഫീസർ

പകർപ്പ്: (1) റവന്യൂ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

(2) റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

(3) അഡീഷണൽ സെക്രട്ടറിയുടെ സി.എ.